കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന ഉപഭോക്തൃ ശാക്തീകരണ പരിപാടിയുടെ ഭാഗമായി പന്തളം ഇലക്ട്രിക്കൽ സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് വേണ്ടി ഓഗസ്റ്റ് ഇരുപതിനാലാം തീയതി വ്യാഴായാഴ്ച 10:30 മണിക്ക് പന്തളം ബ്ലോക്ക് ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ഒരു യോഗം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വൈദ്യുതി ഉപഭോക്താക്കളുടെ അവകാശങ്ങളും, ലഭ്യമാക്കേണ്ട സേവനങ്ങളും, തർക്ക പരിഹാര സംവിധാനങ്ങളെക്കുറിച്ചും ഈ യോഗത്തിൽ വിശദീകരിക്കുന്നതാണ്. വൈദ്യുതി മേഖലയുടെ നയരൂപീകരണത്തിലും നിയമനിർണയത്തിലും ഉപഭോക്താക്കളുടെ താൽപര്യങ്ങളും അഭിപ്രായങ്ങളും വളരെ പ്രസക്തമാണ്. ഈ ലക്ഷ്യം പ്രാവർത്തികമാക്കാൻ വേണ്ടിയാണ് കമ്മീഷൻ അതിന്റെ കൺസ്യൂമർ അഡ്വക്കേസി സെൽ മുഖേന ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത്. അതിനാൽ പരമാവധി ഉപഭോക്താക്കൾ പങ്കെടുത്ത് ഈ യോഗത്തിന്റെ ലക്ഷ്യം സഫലീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.